കേരള സർക്കാർ

സംഗ്രഹം

വനിതാ ശിശു വികസന വകുപ്പ് – പോക്സോ കേസുകളിൽ അതിജീവിതരായ കുട്ടികൾക്ക് 'സപ്പോർട്ട് പേഴ്സൺ', ഇന്റർപ്രെട്ടർ, ട്രാൻസ്ലേറ്റർ, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനം ലഭ്യമാക്കൽ – തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതാ-ശിശു വികസന (സി) വകുപ്പ്

**G.O.(Rt)No.277/2026/WCDD** **Dated,14/08/2026**

എ.എസ് നമ്പർ : AS/WCD/26/52386 കാലാവധി : 31/03/2027

**പരാമർശം:-** 1. വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടറുടെ 13.07.2026 തീയതിയിലെ DWCD/2807/2026-NCPO2 നമ്പർ കത്ത്
2. 24.07.2026-ലെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗനടപടിക്കുറിപ്പ്

AS/WCD/26/52386

ഉത്തരവ്

ലൈംഗികാതിക്രമങ്ങളെ അതിജീവിച്ച കുട്ടികൾക്ക് വിചാരണയ്ക്ക് മുൻപും വിചാരണാ വേളയിലും ശിശു സൗഹൃദപരമായ പിന്തുണയും സഹായവും ലഭ്യമാക്കുന്നതിനായി പോക്സോ ചട്ടം 4, 5 എന്നിവ പ്രകാരം സപ്പോർട്ട് പേഴ്സൺ, ഇന്റർപ്രെട്ടർ, ട്രാൻസ്ലേറ്റർ, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനം എംപാനൽ ചെയ്ത് ലഭ്യമാക്കുന്നതിനായി ₹1,90,90,000/-രൂപ (ഒരു കോടി തൊണ്ണൂറ് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) 2235-02-103-68 (01)-34-3(പി) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിക്കായി സാമ്പത്തിക വിശകലനം സഹിതം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-01-34-3-P-V | 1,90,90,000 | AS/WCD/26/52386 | 2027-03-31 |

പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | പോക്സോ കേസുകളിലെ ബാല ലൈംഗിക പീഡന അതിജീവിതർക്കായി സപ്പോർട്ട് പേഴ്സൺമാർ, ഇന്റർപ്രെട്ടേഴ്സ്, പ്രത്യേക അധ്യാപകർ എന്നിവരെ എംപാനൽ ചെയ്യുകയും സേവനം നൽകുകയും ചെയ്യുന്നതിനുള്ള പദ്ധതി | 1,90,90,000 |
| ആകെ (ഒരു കോടി തൊണ്ണൂറ് ലക്ഷത്തി തൊണ്ണൂറായിരം രൂപ) | | **1,90,90,000** |

സാമ്പത്തിക വിശകലനം

സപ്പോർട്ട് പേഴ്സൺ:

2,000 × ₹8,500/- (ചെലവ്/കേസ്) = ₹1,70,00,000/-

ഇന്റർപ്രെട്ടർ/ട്രാൻസ്ലേറ്റർ/സ്പെഷ്യൽ എഡ്യൂക്കേറ്റർ:

250 × ₹5,000/- (ചെലവ്/കേസ്) = ₹12,50,000/-

കപ്പാസിറ്റി ബിൽഡിംഗ്:

₹60,000/- × 14 ജില്ലകൾ = ₹8,40,000/-

ആകെ: ₹1,90,90,000/–

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ 24.07.2026-ലെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിക്കുകയും ഇനം നമ്പർ 29 ആയി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പോക്സോ കേസുകളിൽ അതിജീവിതരായ കുട്ടികൾക്ക് സപ്പോർട്ട് പേഴ്സൺ, ഇന്റർപ്രെട്ടർ, ട്രാൻസ്ലേറ്റർ, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനം എംപാനൽ ചെയ്ത് ലഭ്യമാക്കുന്നതിനായി 2235–02–103–68 (01)–34–3(p) ശീർഷകത്തിൽ നിന്നും ₹1,90,90,000/- (ഒരു കോടി തൊണ്ണൂറ് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) വിനിയോഗിക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

സന്തോഷ് കുമാർ.റ്റി.കെ.
അഡീഷണൽ സെക്രട്ടറി

വനിതാ-ശിശു വികസന വകുപ്പ്

AS/WCD/26/52386

To

ഡയറക്ടർ, വനിതാ-ശിശു വികസന വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വനിതാ ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഓർഡർ പ്രകാരം കൈമാറി,
SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2026.08.17 02:50:38 +05:30

AS/WCD/26/52386